ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ചണം കൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ (ചരക്കുകൾ പാക്ക് ചെയ്യുന്നതിനുള്ള നിർബന്ധ ഉപയോഗം) ആക്റ്റ്, 1987

(1987-ലെ 10-ാം നമ്പർ ആക്റ്റ്)

(2000 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE JUTE PACKAGING MATERIALS (COMPULSORY USE IN PACKING COMMODITIES) ACT, 1987

(ACT No. 10 OF 1987)

(As on 30th March, 2000)

വില : 23 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

2011

## ആമുഖം

2000 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ചണം കൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ (ചരക്കുകൾ പാക്ക് ചെയ്യുന്നതിനുള്ള നിർബ്ബന്ധ ഉപയോഗം) ആക്റ്റ്, 1987 (1987-ലെ 10-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2011 ജൂൺ 28-ാം തീയതിയിലെ അസാധാരണ ഭാരത ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, I-ാം വാല്യം, 6-ാം നമ്പരായി 1 മുതൽ 8 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. രഘ്ബീർ സിങ്,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Jute Packaging Materials (Compulsory Use In Packing Commodities) Act, 1987 (Act No. 10 of 1987) as on 30th March, 2000 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. I, No. 7 dated 28th June, 2011 on pages 1 to 8.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. RAGHBIR SINGH,
*Secretary to the Government of India.*

3/3089/2011

# ചണം കൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ (ചരക്കുകൾ പാക്ക് ചെയ്യുന്നതിനുള്ള നിർബന്ധ ഉപയോഗം) ആക്റ്റ്, 1987

## (1987-ലെ 10-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം


| | വകുപ്പുകൾ | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുകൊണ്ട് പാക്ക് ചെയ്യപ്പെടണമെന്നാവശ്യപ്പെടുന്ന ചരക്കുകൾ നിർദ്ദേശിക്കാനുള്ള അധികാരം | 2 |
| 4. | സ്റ്റാൻഡിംഗ് അഡ്വൈസറി കമ്മിറ്റിയുടെ രൂപീകരണം | 3 |
| 5. | ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുവല്ലാത്ത ഏതെങ്കിലും വസ്തുകൊണ്ട് പാക്ക് ചെയ്യുന്നതിന് നിരോധനം | 3 |
| 6. | വിവരങ്ങളും സാമ്പിളുകളും ആവശ്യപ്പെടുന്നതിനുള്ള അധികാരം | 4 |
| 7. | പ്രവേശിക്കാനും പരിശോധിക്കാനുമുള്ള അധികാരം | 4 |
| 8. | പരിശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള അധികാരം | 4 |
| 9. | 5-ാം വകുപ്പിന്റെ ലംഘനത്തിനുള്ള ശിക്ഷ | 5 |
| 10. | വ്യാജ പ്രസ്താവന, മുതലായവയ്ക്കുള്ള ശിക്ഷ | 5 |
| 11. | കമ്പനികളാലുള്ള കുറ്റങ്ങൾ | 5 |
| 12. | കുറ്റങ്ങൾ കോഗ്നൈസബിൾ ആയിരിക്കുമെന്ന് | 6 |
| 13. | ഏൽപ്പിക്കലിനുള്ള അധികാരം | 6 |
| 14. | കേന്ദ്രസർക്കാരിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്ന് | 6 |
| 15. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം | 7 |
| 16. | ഒഴിവാക്കാനുള്ള അധികാരം | 7 |
| 17. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | 7 |

# ചണം കൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ (ചരക്കുകൾ പാക്ക് ചെയ്യുന്നതിനുള്ള നിർബന്ധ ഉപയോഗം) ആക്റ്റ്, 1987

**(1987-ലെ 10-ാം നമ്പർ ആക്റ്റ്)**

[1987, മേയ് 9]

അസംസ്കൃത ചണത്തിന്റെയും ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കളുടെയും ഉല്പാദനത്തിന്റെയും അവയുടെ ഉല്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകളുടെയും താൽപ്പര്യങ്ങൾക്കുവേണ്ടി ചില ചരക്കുകളുടെ സംഭരണത്തിലും വിതരണത്തിലും ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ നിർബന്ധമായി ഉപയോഗിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

**ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും**

1. (1) ഈ ആക്റ്റിന് ചണം കൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ (ചരക്കുകൾ പായ്ക്കുചെയ്യുന്നതിനുള്ള നിർബന്ധ ഉപയോഗം) ആക്റ്റ്, 1987 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി[1] പ്രാബല്യത്തിൽ വരുന്നതാണ്.

**നിർവ്വചനങ്ങൾ**

2. ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ചരക്ക്" എന്നാൽ—

(i) ഏതെങ്കിലും അവശ്യസാധനം;

(ii) പട്ടികയിൽപ്പെട്ട ഏതെങ്കിലും വ്യവസായത്തിൽ ഉല്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്ന ഏതെങ്കിലും പദാർത്ഥം,

എന്നർത്ഥമാകുന്നു;

(ഖ) ''അവശ്യസാധനം'' എന്നതിന് അവശ്യസാധനങ്ങൾ ആക്റ്റ്, 1955 (1955-ലെ 10)-ലുള്ള അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ഗ) ''ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ'' എന്നാൽ ചണമോ, ചണനൂലോ, ചണച്ചരടോ, ചണച്ചാക്കുതുണിയോ, ഹെസ്സിയൻ ക്ളോത്തോ, ചണസഞ്ചികളോ, ഭാരത്തിന്റെ എഴുപത്തഞ്ചു ശതമാനത്തിൽ കുറയാതെ ചണം അടങ്ങുന്ന മറ്റേതെങ്കിലും പാക്കേജിംഗ് വസ്തുവോ എന്നർത്ഥമാകുന്നു;

---

1. 14-5-1987-ലെ ഭാരത ഗസറ്റ്, അസാധാരണം, 1987 ഭാഗം II, 3 (ii)-ാം വകുപ്പ് പ്രകാരം 14-5-1987-ാം തീയതിയിലെ വിജ്ഞാപനം നമ്പർ

(ഘ) "പട്ടികയിൽപ്പെട്ട വ്യവസായം" എന്നതിന് വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65)-ലുള്ള അതേ അർത്ഥമുണ്ടായിരിക്കുന്നതാണ് ;

(ങ) "സ്റ്റാൻഡിംഗ് അഡ്വൈസറി കമ്മിറ്റി" എന്നാൽ 4-ാം വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള സ്റ്റാൻഡിംഗ് അഡ്വൈസറി കമ്മിറ്റി എന്നർത്ഥമാകുന്നു.

ചണം കൊണ്ടുള്ള പാക്കേജിംഗ് വസ്തു കൊണ്ട് പായ്ക്കു ചെയ്യപ്പെടണമെന്ന് ആവശ്യപ്പെടുന്ന ചരക്കുകൾ നിർദ്ദേശിക്കാനുള്ള അധികാരം.

3. (1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാരിന് നൽകിയ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിച്ചശേഷം അസംസ്കൃത ചണത്തിന്റെയും ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുവിന്റെയും ഉല്പാദനത്തിന്റെയും അവയുടെ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടേയും താല്പര്യങ്ങൾക്ക് അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്നു അതിനു ബോദ്ധ്യപ്പെടുകയാണെങ്കിൽ, അപ്പോഴപ്പോൾ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചരക്കോ ചരക്കുകളുടെ വിഭാഗമോ അവയുടെ അങ്ങനെയുള്ള ശതമാനമോ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള തീയതിയിലും അതു മുതൽക്കും അതിന്റെ സംഭരണത്തിന്റെയും വിതരണത്തിന്റെയും ആവശ്യത്തിലേക്ക് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുകൊണ്ട് പായ്ക്ക് ചെയ്യണമെന്ന് നിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ, 4-ാം വകുപ്പിൻകീഴിൽ സ്റ്റാന്റിംഗ് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്ന സമയംവരെ ഈ ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ഉത്തരവു പുറപ്പെടുവിക്കുന്നതിനുമുൻപായി കേന്ദ്രസർക്കാർ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ പരിഗണിക്കേണ്ടതും സ്റ്റാന്റിംഗ് അഡ്വൈസറി കമ്മിറ്റി അതിന്റെ ശിപാർശകൾ നൽകിയ തീയതി മുതൽ മൂന്നുമാസം അവസാനിക്കുന്നതിൻമേൽ അപ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവിനും പ്രഭാവം ഇല്ലാതായിത്തീരുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതൊരു ഉത്തരവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളിച്ചിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും ആ ഉത്തരവിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ഉത്തരവ് ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ഉത്തരവിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ഉത്തരവിൻ കീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

4. (1) ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ ഏതു ചരക്കുകളോ ചരക്കുകളുടെ വിഭാഗമോ അവയുടെ എത്ര ശതമാനമോ സംബന്ധിച്ചാണ് ഉപയോഗിക്കേണ്ടത് അങ്ങനെയുള്ള ചരക്കുകളോ ചരക്കുകളുടെ വിഭാഗമോ അവയുടെ ശതമാനമോ നിശ്ചയിക്കുന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ, ആ സംഗതിയിൽ ഉപദേശം നൽകുവാൻ ആവശ്യമായ വൈദഗ്ദ്ധ്യമുണ്ടെന്ന് ആ സർക്കാരിനു ബോദ്ധ്യമുള്ള ആളുകൾ അടങ്ങുന്ന ഒരു സ്റ്റാന്റിംഗ് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. സ്റ്റാൻഡിംഗ് അഡ്വൈസറി കമ്മിറ്റിയുടെ രൂപീകരണം.

(2) സ്റ്റാന്റിംഗ് അഡ്വൈസറി കമ്മിറ്റി അതിന്റെ ശിപാർശകൾ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിച്ചശേഷം കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്, അതായത്:—

(ക) ചണവസ്തുക്കളുടെ ഉപയോഗത്തിന്റെ നിലവിലുള്ള നിലവാരം ;

(ഖ) ലഭ്യമായ അസംസ്കൃത ചണത്തിന്റെ അളവ്;

(ഗ) ലഭ്യമായ ചണവസ്തുവിന്റെ അളവ്;

(ഘ) ചണവ്യവസായത്തിലും അസംസ്കൃത ചണത്തിന്റെ ഉല്പാദനത്തിലും ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ താല്പര്യങ്ങളുടെ സംരക്ഷണം;

(ങ) ചണവ്യവസായത്തിന്റെ തുടർന്നുള്ള സംരക്ഷണത്തിന്റെ ആവശ്യം;

(ച) അതിന്റെ അഭിപ്രായത്തിൽ ചണവസ്തുവാലുള്ള പാക്കിംഗ് ആവശ്യമായി വന്നേക്കാവുന്ന ചരക്കുകളുടെ അളവ്;

(ഛ) സ്റ്റാന്റിംഗ് അഡ്വൈസറി കമ്മിറ്റിക്കു ഉചിതമെന്നു തോന്നാവുന്ന മറ്റു സംഗതികൾ.

5. ഏതെങ്കിലും ചരക്കോ ചരക്കുകളുടെ വിഭാഗമോ അതിന്റെ ഏതെങ്കിലും ശതമാനമോ അതിന്റെ സംഭരണത്തിനോ വിതരണത്തിനോ വേണ്ടി ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുകൊണ്ട് പായ്ക്കു ചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ട് 3-ാം വകുപ്പിൻകീഴിൽ ഒരുത്തരവ് ഉണ്ടായിരിക്കുന്നിടത്ത് അങ്ങനെയുള്ള ചരക്കോ ചരക്കുകളുടെ വിഭാഗമോ അതിന്റെ ശതമാനമോ അങ്ങനെയുള്ള ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള തീയതിയിലും അതു മുതൽക്കും ആ ഉത്തരവിനനുസൃതമായി അതു പായ്ക്കു ചെയ്യാത്തപക്ഷം സംഭരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല: ചണം കൊണ്ടുള്ള പാക്കേജിംഗ് വസ്തു വല്ലാത്ത ഏതെങ്കിലും വസ്തുകൊണ്ട് പായ്ക്ക് ചെയ്യുന്നതിന് നിരോധനം.

എന്നാൽ, ചണംകൊണ്ടല്ലാതെയുള്ള ഏതെങ്കിലും പാക്കേജിംഗ് വസ്തുകൊണ്ട് മുൻപറഞ്ഞ തീയതിക്ക് തൊട്ടുമുമ്പ് അങ്ങനെയുള്ള ചരക്കോ ചരക്കുകളുടെ വിഭാഗമോ അതിന്റെ ശതമാനമോ പായ്ക്കുചെയ്തു കൊണ്ടിരുന്നെങ്കിൽ ആ തീയതി മുതൽ മൂന്ന് മാസക്കാലത്തേയ്ക്ക് അങ്ങനെയുള്ള ഏതെങ്കിലും ചരക്കിന്റെയോ ചരക്കുകളുടെ വിഭാഗത്തിന്റെയോ അതിന്റെ ശതമാനത്തിന്റെയോ സംഭരണത്തിനോ വിതരണത്തിനോ ഈ വകുപ്പിലെ യാതൊന്നും ബാധകമാകുന്നതല്ല.

വിവരങ്ങളും സാമ്പിളുകളും ആവശ്യപ്പെടുന്നതിനുള്ള അധികാരം.

6. പായ്ക്കുചെയ്യുന്നതിനു ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തു ഉപയോഗിക്കാൻ 5-ാം വകുപ്പിൻകീഴിൽ ആവശ്യപ്പെട്ടിട്ടുള്ള ഏതൊരാളോടും കേന്ദ്ര സർക്കാരിന് ഉത്തരവുവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക്,—

(ക) ഉത്തരവിൽ ആ സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള കാലയളവിനുള്ളിലും അങ്ങനെയുള്ള പായ്ക്കുചെയ്യൽ ആവശ്യമുള്ള ഏതെങ്കിലും ചരക്കോ ചരക്കുകളുടെ വിഭാഗമോ അതിന്റെ ശതമാനമോ സംബന്ധിച്ച് അയാളുടെ കൈവശമുള്ള അങ്ങനെയുള്ള വിവരമോ;

(ഖ) അത് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥന് അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള കാലയളവിനുള്ളിലും ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുവിന്റെ അങ്ങനെയുള്ള സാമ്പിളുകൾ പരിശോധനയ്ക്കോ,

നൽകുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

പ്രവേശിക്കാനും പരിശോധിക്കാനുമുള്ള അധികാരം.

7. കേന്ദ്ര സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന് (ഇതിനുശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നാണ് പരാമർശിക്കപ്പെടുക), ന്യായമായ സമയങ്ങളിലെല്ലാം ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുകൊണ്ട് പായ്ക്കുചെയ്ത ഏതെങ്കിലും ചരക്ക് ശേഖരിച്ചിരിക്കുകയോ, സംഭരണത്തിനോ വിതരണത്തിനോ വേണ്ടി സൂക്ഷിച്ചിരിക്കുകയോ ചെയ്ത ഏതെങ്കിലും സ്ഥലത്തോ പരിസരങ്ങളിലോ വാഹനത്തിലോ പ്രവേശിക്കുകയോ പരിശോധനയ്ക്ക് അതു ഹാജരാക്കാൻ ആവശ്യപ്പെടുകയോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും വിവരം ചോദിക്കുകയോ ചെയ്യാവുന്നതാണ്.

പരിശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള അധികാരം.

8. (1) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്, 5-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും ചരക്ക് പായ്ക്കു ചെയ്ത് ഏതെങ്കിലും സ്ഥലത്തോ പരിസരങ്ങളിലോ വാഹനത്തിലോ ഒളിച്ചുവച്ചതായി വിശ്വസിക്കാൻ കാരണമുള്ളപക്ഷം അയാൾക്ക് അങ്ങനെയുള്ള ചരക്കിനുവേണ്ടി അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്തോ, പരിസരങ്ങളിലോ വാഹനത്തിലോ പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും പരിശോധനയുടെ ഫലമായി 5-ാം വകുപ്പ് ലംഘിച്ചുകൊണ്ട് പായ്ക്ക് ചെയ്യപ്പെട്ട ഏതെങ്കിലും ചരക്ക് കാണുന്നിടത്ത്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ചരക്കും, തന്റെ അഭിപ്രായത്തിൽ ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടിക്ക് പ്രയോജനമോ പ്രസക്തിയോ ഉള്ള മറ്റേതെങ്കിലും സാധനവും പിടിച്ചെടുക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ചരക്കോ സാധനമോ പിടിച്ചെടുക്കുന്നതു പ്രായോഗികമല്ലാത്തിടത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്, ചരക്കോ സാധനമോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ അയാൾ മാറ്റുകയോ കയ്യൊഴിയുകയോ മറ്റുവിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യാൻ പാടില്ല എന്ന ഒരു ഉത്തരവ് നൽകാവുന്നതാണ്.

(3) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ പരിശോധനയെയും പിടിച്ചെടുക്കലിനെയും സംബന്ധിച്ച വ്യവസ്ഥകൾ ആകുന്നത്ര ഈ വകുപ്പിൻകീഴിലുള്ള ഏതൊരു പരിശോധനയ്ക്കും പിടിച്ചെടുക്കലിനും ബാധകമാകുന്നതാണ്.

9. 5-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും ചരക്കോ ചരക്കുകളുടെ വിഭാഗമോ അവയുടെ ശതമാനമോ ഏതെങ്കിലും വസ്തുകൊണ്ട് പായ്ക്കു ചെയ്യുന്ന ഏതൊരാളും 3-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഉത്തരവിനനുസൃതമായി ഉപയോഗിക്കേണ്ട ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുവിന്റെ വിലയുടെ ഇരട്ടിക്കു തുല്യമായ ഒരു തുകയോളമാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

5-ാം വകുപ്പിന്റെ ലംഘനത്തിനുള്ള ശിക്ഷ.

10. 6-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവിൻകീഴിൽ ഏതെങ്കിലും വിവരമോ സാമ്പിളോ നൽകാൻ ആവശ്യപ്പെടുമ്പോൾ ഏതെങ്കിലും ആൾ അങ്ങനെയുള്ള വിവരമോ സാമ്പിളോ നൽകുന്നതിൽ വീഴ്ച വരുത്തുകയോ, ഏതെങ്കിലും സാരവത്തായ വിവരങ്ങളിൽ വ്യാജമായതോ വ്യാജമാണെന്നു തനിക്കു അറിയാവുന്നതോ വ്യാജമാണെന്നു വിശ്വസിക്കാനുള്ള ന്യായമായ കാരണമുള്ളതോ സത്യമാണെന്ന് വിശ്വസിക്കാതിരിക്കുന്നതോ ആയ ഏതെങ്കിലും പ്രസ്താവന നടത്തുകയോ വിവരം നൽകുകയോ ചെയ്യുന്നപക്ഷം, അയാൾ അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വ്യാജ പ്രസ്താവന, മുതലായവയ്ക്കുള്ള ശിക്ഷ.

11. (1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്കു പുറമേ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും, അതോടുകൂടെ കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതുമാണ്:

കമ്പനികളാലുള്ള കുറ്റങ്ങൾ.

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ യഥാർഹമായ എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം, ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുറ്റം, ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ, സെക്രട്ടറിയുടെയോ മറ്റുദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തു നിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റുദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും, ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി"ക്ക് ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സംഘടനയോ ഉൾപ്പെടുന്നതും ;

(ഖ) ഡയറക്ടർക്ക്, ഫേം സംബന്ധിച്ച്, അതിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആണ്.

കുറ്റങ്ങൾ കോഗ്നൈസബിൾ ആയിരിക്കുമെന്ന്.

12. ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ ഏതൊരു കുറ്റവും കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

ഏൽപ്പിക്കലിനുള്ള അധികാരം.

13. കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം വഴി 3-ാം വകുപ്പിന്റെയോ 16-ാം വകുപ്പിന്റെയോ കീഴിൽ ഉത്തരവ് ഉണ്ടാക്കാനോ 17-ാം വകുപ്പിൻകീഴിൽ ചട്ടങ്ങൾ ഉണ്ടാക്കാനോ ഉള്ള അധികാരങ്ങളല്ലാത്ത ഈ ആക്റ്റിൻകീഴിൽ അത് പ്രയോഗിക്കാവുന്ന അധികാരങ്ങൾ, ഉത്തരവിൽ നിർദ്ദേശിക്കാവുന്ന വിഷയങ്ങളെ സംബന്ധിച്ചും അങ്ങനെയുള്ള ഉപാധികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയ്ക്കു വിധേയമായും,—

(ക) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള സംസ്ഥാന സർക്കാരിനോ ഒരു സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ,

കൂടി പ്രയോഗിക്കാവുന്നതാണെന്നു ഉത്തരവിൽ നിർദ്ദേശിക്കാവുന്നതാണ്.

കേന്ദ്ര സർക്കാരിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്ന്.

14. ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിൽ കൊണ്ടുവരുന്നതിനായി ആവശ്യമെന്നു കേന്ദ്രസർക്കാർ കരുതുന്ന നിർദ്ദേശങ്ങൾ ഒരു സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്.

ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.

15. ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിന്റെയോ ഉത്തരവിന്റെയോകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ കേന്ദ്രസർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും ഓഫീസർക്കോ ജീവനക്കാരനോ ഏതെങ്കിലും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

ഒഴിവാക്കാനുള്ള അധികാരം.

16. (1) പൊതുതാൽപര്യത്തിന് അങ്ങനെ ചെയ്യുന്നത് ആവശ്യമോ യുക്തമോ ആണെന്ന് കേന്ദ്ര സർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ ഏതെങ്കിലും ചരക്കോ ചരക്കുകളുടെ വിഭാഗമോ സംഭരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും ആളെയോ ആളുകളുടെ വിഭാഗത്തെയോ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി 3-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഒരുത്തരവിന്റെ പ്രവർത്തനത്തിൽനിന്നും ഒഴിവാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതൊരു ഉത്തരവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളിച്ചിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ്, ഇരുസഭകളും ആ ഉത്തരവിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ഉത്തരവ് ഉണ്ടാക്കരുത് എന്നതിൽ യോജിക്കുയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ഉത്തരവിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആണ് ; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ഉത്തരവിൻകീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

17. (1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, കേന്ദ്രസർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളിച്ചിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.